# ബിനുക്കഥകള്‍ | [vinuxavier]™

തറയാവരുതേ എന്ന പ്രാര്‍ത്ഥനയോടെ..!

## ഡംഷെറാഡ്സ്..!

ബിനു നാട്ടിലേക്ക് കെട്ടിഎടുത്തു..
ബാംഗളൂര് കിട്ടാത്ത ഏകസാധനം എന്ന പേരുംപറഞ്ഞ് കാലത്തെ തന്നെ രണ്ടുലോഡ് പുട്ടും കടലക്കറിയും കട്ടന്‍ചായേം വെട്ടി. വെട്ട് ഓവറായെന്ന തിരിച്ചറിവില്‍ എല്ലാം ഒന്ന് സെറ്റ് ആവുന്നതുവരെ വീടിന്റെ ഉമ്മറത്ത് മനോരമയും മുന്നില്‍വെച്ച് ഇച്ചിരി പ്രയാസത്തോടെ കമന്നുകിടക്കുന്നതാണ് സീന്‍ !

അന്നേരം പരപ്പിലെ ഏഴെട്ടണ്ണം ശനിയാഴ്ച എങ്ങനെ വിനിയോഗിക്കണം എന്ന ചിന്തയില്‍ വഴിയിലൂടെ തേരാപ്പാര നടക്കുന്നത് കണ്ടു. എന്നെ കണ്ടപ്പോള്‍ ബിന്‍ച്ചേട്ടാ എപ്പവന്ന് എന്നൊക്കെ പറഞ്ഞ് ഞങ്ങടെ വീട്ടുമുറ്റത്തേക്ക് കേറി വന്നു.. പിന്നീട് നടത്തിയ ചര്‍ച്ചയില്‍ മനസ്സിലായി ഇവന്മാര്‍ക്ക് ഈ സീസണില്‍ പുതിയ തരം എന്തേലും കളി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.. പരപ്പില്‍ എല്ലാ സീസണിലും ഓരോതരം കളികള്‍ ആണ് സ്ഥിരമായി ആചരിച്ചുവരുന്നത്.. തീപ്പട്ടിപ്പടം , നേബിള് (പുസ്തകത്തില്‍ പേരെഴുതി ഒട്ടിക്കുന്ന നെയിംസ്ലിപ്പ് ) ,സൈക്കിളിന്റെ ഫ്രണ്ട് വീല് പൊക്കല്‍ , പമ്പരം , ആ ഡബ്ളു.സബ്ളു.ഈയിലെ തടിയന്മാരുടെ പേരും മസിലും എഴുതിയ കാര്‍ഡ് കൊണ്ടുള്ള ഒരുതരം കളി അങ്ങനെ എല്ലാ രണ്ടുമാസം കൂടുന്തോറും എന്തേലുമൊക്കെ ഇങ്ങനെ വന്നുകൊണ്ടിരിക്കും. അതെല്ലാം ബോറായിത്തുടങ്ങിയിരിക്കുന്നു..

“ഡെ, പിള്ളേഴ്സ് ഒരു കളിയുണ്ട് ..ഡംഷെറാഡ്സ്..”

ഞാന്‍ രണ്ടാഴ്ച മുന്നേ കോണ്ടിയില്‍നിന്ന് ഒഫീഷ്യല്‍ ടൂറിനുപോയപ്പോ ഇംഗ്ളീഷ് സിനിമകളുടെ (!) അതെ ഇംഗ്ളീഷ് സിനിമകളുടെ പേരു പറഞ്ഞ് അത് ആംഗ്യംകാണിച്ച് സ്വന്തം ടീമിലുള്ളവരെക്കൊണ്ട് പറയിപ്പിക്കുന്ന ഈ കളിയില്‍ ആകൃഷ്ടനാവുകയായിരുന്നു.. കളിയറിയാത്തവന്മാര്‍ വിക്കിപ്പീടിക തപ്പാന്‍ പോവണ്ട ..ബിനു പറഞ്ഞു തരുന്നതാണ്.. രണ്ടു ടീം വേണം.. നമ്മടെ ടീമിലൊരുത്തന്‍ , ഫോറെക്സാംപ്ള് ഞാന്‍ മറ്റേ ടീമിന്റെ അടുത്ത് ചെല്ലുകയും അവര്‍ എന്റെ ചെവിയില്‍ ഒരു ഇംഗ്ളീഷ് സിനിമയുടെ പേര് കുശുകുശുക്കുകയും ചെയ്യും. ഞാന്‍ തിരിച്ച് വന്ന് ആംഗ്യഭാഷയില്‍ ആ സിനിമയുടെ പേര് നമ്മുടെ ടീമിന്റെ മുന്നില്‍ അവതരിപ്പിക്കണം. ഇംഗ്ളീഷ് സിനിമകള്‍ കണ്ട്

പരിജ്ഞാനമുള്ളവർ നമ്മുടെ ടീമിൽ ഉണ്ടെങ്കിൽ അവർക്ക് നമ്മൾ കാണിക്കുന്ന കോപ്രായത്തിൽ നിന്ന് കാര്യങ്ങൾ മനസ്സിലായി കറക്റ്റ് ഉത്തരം പറഞ്ഞാൽ നമ്മ ജെയിക്കും.! സിംപ്ളാണ്..നിങ്ങൾക്കും കുടുമ്മത്തോടൊപ്പം കളിച്ചുനോക്കാവുന്നതാണ്..

“എന്തുട്ടാ ബിൻച്ചേട്ടാ ഡം..? എന്തുടാണെന്ന് ഒന്നൂടെ പറഞ്ഞേ..”

“ഡാ, നീയൊന്നും ഈ കളിയുടെ പേര് ഈ ജന്മത്ത് പഠിക്കുമെന്ന് എനിക്ക് യാതൊരു പ്രതീക്ഷയും ഇല്ലാത്തതുകൊണ്ട് നമുക്കിതിനെ ഊമക്കളി എന്നു വിളിക്കാം..”

പരപ്പിൽ ഈ തലമുറയ്ക്ക് പഴയതലമുറയുടെ ആ ലെവെൽ ഇല്ലാത്തതോർത്ത് നെടുവീർപ്പിട്ട് ഞാൻ അവർക്ക് നിയമങ്ങൾ വിവരിച്ചുകൊടുത്തു. മലയാളം പടങ്ങളും പിന്നെ സൂര്യ , വിജയ് ,അല്ലു അർജുൻ എന്നിവരുടെ സിനിമകളും മാത്രമേ മൽസരത്തിന് പരിഗണിക്കാവൂ എന്ന് തീരുമാനത്തെ എല്ലാവരും മുക്തകണ്ഠേനേ പ്രശംസിച്ചു. തോള് ചരിച്ചു പിടിച്ചാൽ മോഹൻലാല്.. കൈകൊണ്ട് രണ്ടു തവണ കുത്തിയാൽ മമ്മൂട്ടി.. തലയാട്ടികൊണ്ട് ഷിറ്റ് ആക്ഷൻ കാണിച്ചാൽ സുരേഷ് ഗോവി. പൊട്ടനെപ്പോലെ നിന്നാല് പ്രിത്തിരാജ് ,പിന്നെ രണ്ടുപല്ല് കാണിച്ചാൽ സന്തോഷ് പണ്ടിറ്റ് എന്നൊക്കെ പെട്ടെന്ന് പെട്ടെന്ന് നിയമസംഹിതയിൽ കൂട്ടിച്ചേർക്കപെട്ടു.

നാലും പിന്നെ ഞാനുൾപ്പെടുന്ന നാലും ആയി രണ്ടു ടീം ..കളി തുടങ്ങി..
എല്ലാവരുടെയും അഭ്യർഥന പ്രകാരം ഞാൻ ആദ്യംപോയി
അവന്മാര് ഉദയനാണു താരം പറഞ്ഞു..
ഞാൻ മോഹൻലാലിനെയും പിന്നെ സൂര്യന്, കടൽ ..ഉദയം.. അങ്ങനെ കാണിച്ച് ഉദയനാണു താരം എന്റെ ടീമിനെക്കൊണ്ട് പറയിപ്പിച്ചു..
പിള്ളേർക്ക് സംഭവം ഇഷ്ടപെട്ടു..

ആ ടീമിൽനിന്ന് ഒരുത്തൻ ഇങ്ങോട്ടു വന്നു.. ഒട്ടേറെ അഭിനയസാധ്യതയുള്ള ഒരു സിനിമാപ്പേരെന്ന നിലയിൽ ഞാൻ അവന്റെ ചെവിയിൽ രാവണപ്രഭു എന്നു പറഞ്ഞുകൊടുത്തു. രാവണൻ ..പത്തു തല എന്നൊക്കെ ആംഗ്യംകാണിക്കും എന്ന പ്രതീക്ഷകളെ തകിടംമറിച്ചുകൊണ്ട് അവൻ മോഹൻലാല് ഒരു സിഗരറ്റ് വായിൽവെച്ചിട്ട് തുപ്പിക്കാണിക്കുന്നത് അഭിനയിച്ചുകാണിച്ചു.. അതുകണ്ട സകല അവന്മാരുംകൂടി രാവണപ്രഭു രാവണപ്രഭു എന്ന് വിളിച്ച്കൂവുന്നത് കണ്ട് എന്റെ പിഞ്ചുമനം നൊന്തു. മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിലുമുപരി സിനിമ കച്ചവടവൽക്കരിക്കപ്പെടുമ്പോൾ ഇതൊക്കെ കാണേണ്ടി വരുമെന്ന് ഞാൻ മനസ്സിലോർത്തു.

ഞങ്ങടെ ടീമിൽനിന്ന് ഒരുത്തൻ അങ്ങോട്ടുപോയി..

തിരിച്ചു വന്നിട്ട് മൊബൈലില് വിളിക്കുന്നത് ആംഗ്യം കാണിച്ചു..

ഹലോ ,ഹലോ മൈഡിയർ റോങ്ങ്നമ്പർ , അങ്ങനെ ഞങ്ങടെ ടീം ഒരോ അഭിപ്രായം വിളിച്ചുകൂവി..

പിന്നെ മനസിലായി മുഴുവന് സിനിമാപ്പേരിന്റെ ആദ്യസെക്ഷൻ "കോള് " എന്നാണ്.. "കോള് " എന്നാണവൻ ആംഗ്യം കാണിച്ചത്..

ആദ്യഹാഫ് കിട്ടിയ ആശ്വാസത്തിൽ ലവൻ രണ്ടാമത്തെ ഹാഫ് ആംഗ്യം കാണിക്കാൻ തുടങ്ങി.

കക്കൂസിൽ ഇരുന്നിട്ട് വയറിളക്കം വരുന്ന ആക്ഷൻ .. സ്മാരക അഭിനയം.

രണ്ടുംകൂടി ചേർത്ത് വായിച്ച് ഒരു സിനിമാപ്പേരുണ്ടാക്കാൻ ഞാൻ കഷ്ടപ്പെടുന്നതിനിടയിൽ ഞങ്ങടെ ടീമിലുള്ളവന്മാർ വിളിച്ചുകൂവി..

"കോളിളക്കം..കോളിളക്കം.."

അപ്പറത്തെ ടീമിലുള്ളതിൽ മലയ്ക്ക് പോവാൻ മാലയൊക്കെ ഇട്ട ഒരുത്തൻ ഇങ്ങോട്ടുവന്നു.. ഭക്തിസാന്ദ്രമായ ആ വരവുകണ്ട് ഞാനവന് കുരുക്ഷേത്ര എന്ന മൂവി പറഞ്ഞുകൊടുത്തു. അവൻ നേരെ പോയി ആദ്യം മോഹൻലാലിനെ കാണിച്ചു.. പിന്നെ കുറച്ചുനേരം ആലോചിച്ചു.. അന്നിട്ട് അവൻ അവന്റെ തന്നെ ചന്തി ചൂണ്ടിക്കാട്ടാൻ തുടങ്ങി. കർത്താവേ ഞാൻ പറഞ്ഞുകൊടുത്ത പേര് ഇവൻ മര്യാദയ്ക്ക് ശ്രവിച്ചില്ലായിരുന്നോ എന്നോർത്ത് ഞാനല്പം പരിഭ്രമിക്കുകയാണുണ്ടായത്.. ഇവൻ ചന്തി ചൂണ്ടിക്കാണിച്ചിട്ട് ഇരിക്കാൻ ബുദ്ധിമുട്ടുന്ന ആക്ഷൻ കാണിക്കുന്നു.. അന്നേരം അവിടെ ഉള്ളവന്മാർ മൂലക്കുരു.. അതിൽ നിന്ന് കുരു.. പിന്നെ മോഹനല്ലാലും കുരുവും തമ്മിൽ കൂട്ടിവായിച്ച് കുരുക്ഷേത്ര എന്ന് നിസ്സാരമായി പറയുകയാണുണ്ടായത്.. മാനസികമായി ഇടിഞ്ഞ നിമിഷങ്ങള്..

ഞങ്ങടെ ടീമിൽ നിന്ന് വേറെ ഒരുത്തൻ അങ്ങോട്ടു പോയി..

തിരിച്ച് വന്നിട്ട് അവൻ മാനത്തു നോക്കി നിൽക്കുന്നു.. പിന്നെ നേരെ നിലത്ത് ഒരു ഇരിപ്പ് ഇരുന്നു..

കളസം സ്വല്പം പൊക്കിവെച്ചു..

എന്നിട്ട് നിലത്ത് ഇരുന്ന ഇരിപ്പിൽ അരിയാട്ടാൻ തുടങ്ങി..

അരിയാട്ടൽ ..അരി..അരിപ്രാഞ്ചി.. പ്രാഞ്ചിയേട്ടൻ എന്നൊക്കെ ചിന്തിച്ചുകൊണ്ട് ഞാൻ നിൽക്കുന്ന സമയം ..

ടീമിലെ ബാക്കി രണ്ടെണ്ണം എഴുന്നേറ്റ് നിന്ന് കാറി..

"രതിനിർവേദം.. രതിനിർവേദം.. "

മമ്മി അടുക്കളയിൽനിന്ന് ഇതുംകേട്ട് ചട്ടുകവും പിടിച്ച് ഓടിവരുന്നതിനുമുന്നേ ഞാൻ തന്നെ എല്ലാത്തിനെയും താന്താങ്ങളുടെ വീടുകളിലേക്ക് പറഞ്ഞയച്ചു.. പരപ്പിലെ കുറിപ്പ്സെറ്റ് എന്നെങ്കിലും നന്നാവണമേ എന്ന പ്രാർഥനയോടുകൂടി..

**ബിനു!**